# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4198** **03.02.2014 - ൽ** മറുപടിക്ക്

**വാട്ടർ കണക്ഷൻ നൽകുന്ന നടപടിക്രമങ്ങളിലെ അപാകതകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | കേരള വാട്ടർ അതോറിറ്റി കണക്ഷൻ എടുക്കുന്നതിന് ലൈസൻസ്ഡ് പ്ലമ്പറുടെ ഐ.ഡി നമ്പർ നൽകിയാൽ മാത്രമെ കണക്ഷൻ ലഭ്യമാകുന്നതിനുള്ള കമ്പ്യൂട്ടർ ലോഗിൻ ചെയ്യാൻ സാധിക്കൂ എന്ന കാര്യം കെ.ഡബ്ല്യൂ.എ. യുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്പരിഹരിക്കുന്നതിന് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റം വരുത്താൻ നിർദ്ദേശം നൽകാമോ; | (എ) | കേരള വാട്ടർ അതോറിറ്റി വാട്ടർ കണക്ഷന് കമ്പ്യൂട്ടർ ലോഗിൻ ചെയ്യുന്നതിന് പ്ലമ്പറുടെ ഐ.ഡി.നമ്പർ ആവശ്യമില്ല. എന്നാൽ കണക്ഷനുള്ള അപേക്ഷയിൽ കേരള ജലവിതരണവും അഴുക്കുചാലും നിയമം 1986ലെ നിലവിലുള്ള നിയമപ്രകാരം സാധുവായ ലൈസൻസുള്ള പ്ലമ്പർമാരുടെ ഐ.ഡി. രേഖപ്പെടുത്തേണ്ടതാണ്. പുതിയ നിയമപ്രകാരം പ്ലംബർ ഇല്ലാതെയും കണക്ഷന് അപേക്ഷിക്കാവുന്നതാണ്. ഇതിനാവശ്യമായ സജ്ജീകരണങ്ങൾ കമ്പ്യൂട്ടറിൽ ഒരുക്കിയിട്ടുണ്ട്. |
| (ബി) | എല്ലാ കണക്ഷൻ സെന്ററുകളിലും കണക്ഷന് അപേക്ഷിക്കുന്നതിനു പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ബോർഡ് പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ജല അതോറിറ്റിയുടെ എല്ലാ കണക്ഷൻ സെന്ററുകളിലും കണക്ഷന് അപേക്ഷിക്കുന്നതിനു പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ബോർഡ് പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്ലമ്പർമാരുടെ ചൂഷണത്തിനും തട്ടിപ്പിനും ഉപഭോക്താക്കൾ വിധേയരാകുന്നത് കെ.ഡബ്ല്യൂ.എയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് കെ.ഡബ്ല്യൂ.എ. സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | പ്ലമ്പർമാരുടെ ചൂഷണത്തിനും തട്ടിപ്പും സംബന്ധിച്ച് പരാതികൾ ഒന്നും ജല അതോറിറ്റിയിൽ ലഭിച്ചിട്ടില്ല. നിലവിലുള്ള നടപടി പ്രകാരം അപേക്ഷകന് നേരിട്ടോ സാധുവായ ലൈസൻസുള്ള പ്ലമ്പർ മുഖേനയോ വാട്ടർ കണക്ഷന് അപേക്ഷ സമർപ്പിക്കാവുന്നതും ഗാർഹിക കണക്ഷൻ സമയബന്ധിതമായി അനുവദിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ഡി) | ഉപഭോക്താക്കൾ നേരിട്ട് കെ.ഡബ്ല്യൂ.എ കണക്ഷൻ എടുക്കുന്നത് ഉദ്യോഗസ്ഥർ നിരുത്സാഹപ്പെടുത്തുന്നതായി അതോറിറ്റിക്ക് പരാതി ലഭിച്ചിട്ടുണ്ടോ; | (ഡി) | നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | സ്പെഷ്യൽ കണക്ഷൻ എടുത്ത ആൾ ഫ്ളോറിങ് നടത്തിയാൽ മാത്രമെ ഡൊമസ്റ്റിക് കണക്ഷൻ നൽകാനാകൂ എന്ന മാനദണ്ഡം കെ.ഡബ്ല്യു.എ യുടെ നടപടി ക്രമത്തിലുണ്ടോ; | (ഇ) | ഫ്ളോറിങ് നടത്തിയാൽ മാത്രമേ കണക്ഷൻ അനുവദിക്കൂ എന്ന മാനദണ്ഡം ജല അതോറിറ്റിയുടെ നടപടിക്രമത്തിലില്ല. ഫ്ളോറിങ് നടത്തിയിട്ടില്ലെങ്കിലും ടി കെട്ടിടം താമസത്തിന് ഉപയോഗിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം ടി കെട്ടിടത്തിലെ കണക്ഷൻ താൽക്കാലികമായി ഗാർഹിക വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ റഗുലേഷൻ അനുവദിക്കുന്നുണ്ട്. |
| (എഫ്) | സ്പെഷ്യൽ കണക്ഷൻ ഡൊമസ്റ്റിക് കണക്ഷൻ ആക്കി മാറ്റുന്നതിന്, കെ.ഡബ്ല്യു.എ യുടെ നടപടിക്രമങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥക ളിൽ ആവശ്യമായ മാറ്റം വരുത്തു ന്നതിന് നടപടി സ്വീകരിക്കുമോ; വീണ്ടും പുതിയ അപേക്ഷ സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കാമോ; | (എഫ്) | സ്പെഷ്യൽ കണക്ഷനുകൾ ഗാർഹിക കണക്ഷനുകൾ ആക്കി മാറ്റുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഉചിതമായ മാറ്റം വരുത്തുന്നത് ജല അതോറിറ്റിയുടെ പരിഗണനയിലുണ്ട്. |
| (ജി) | സ്പെഷ്യൽ കണക്ഷൻ ഡൊമസ്റ്റിക് കണക്ഷൻ ആക്കി മാറ്റുന്നതിനുള്ള നടപടിക്രമ ങ്ങൾ വ്യക്തമാക്കാമോ; | (ജി) | നിർമ്മാണ പ്രവർത്തനങ്ങൾ/ മറ്റ് ആവശ്യങ്ങൾക്കായി താൽക്കാലികമായി (ഒരു വർഷം) നൽകുന്ന സ്പെഷ്യൽ കാഷ്വൽ കണക്ഷൻ നിർമ്മാണ പ്രവർത്തനങ്ങൾ / മറ്റ് ആവശ്യങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വെള്ളക്കരം കുടിശ്ശിക തീർത്ത് നിയമാനുസൃതമായി പൂട്ടുന്നതിനോ/ ഗാർഹിക വിഭാഗത്തിലേക്ക് മാറ്റുന്നതിനോ ഉള്ള അപേക്ഷ ഉപഭോക്താവ് നൽകേണ്ടതും അപേക്ഷ പരിഗണിച്ച് കണക്ഷൻ ഗാർഹിക വിഭാഗത്തിൽ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (എച്ച്) | തിരുവനന്തപുരം ജില്ലയിലെ എത്ര ഉപഭോക്താക്കൾ പ്ലമ്പർമാരുടെ സഹായമില്ലാതെ നേരിട്ട് അപേക്ഷകൾ നൽകിയെന്ന് വ്യക്തമാക്കാമോ; ഇവയിൽ എത്രയെണ്ണത്തിന് കണക്ഷൻ ലഭ്യമാക്കിയെന്നും അറിയിക്കാമോ? | (എച്ച്) | തിരുവനന്തപുരം ജില്ലയിൽ പ്ലമ്പർമാരുടെ സഹായമില്ലാതെ വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് ഏഴു അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്. ഇതിൽ മൂന്നെണ്ണം അനുവദിച്ചു നൽകുകയും മൂന്നെണ്ണത്തിനു നടപടികൾ നടന്നുവരുകയുമാണ്. വസ്തു സംബന്ധമായ തർക്കം നിലനിൽക്കുന്നതിനാൽ ഒരു അപേക്ഷയിന്മേൽ കണക്ഷൻ അനുവദിക്കു ന്നതിനു സാധിക്കുന്നില്ല. |

(ഒപ്പ്)

ഉ. സെക്ഷൻ ഓഫീസർ